ND.C. 04/17, dt.17.2.17

17.2.2017

**അന്താരാഷ്ട്ര വനിതാദിനം**

**2017 മാർച്ച് 8**

വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ,

2017 മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി നാം ആചരിക്കുന്നു. പ്രസ്തുത ദിനം മാർച്ച് 5 ഞായറാഴ്ച KLCWA യുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും, ഉപഇടവകകളിലും വനിതാദിനം സമുചിതമായി ആചരിക്കേണ്ടതാണ്. സ്ത്രീയെ ഏറെ ബഹുമാനിച്ചിരുന്ന, സ്നേഹിച്ചിരുന്ന ആർഷഭാരതസംസ്കാരത്തിന്റെ പിൻതലമുറക്കാരാണ് നാം. ആയതിനാൽ തന്നെ സ്ത്രീയെ ബഹുമാനിക്കാനും സ്നേഹിക്കാനും അംഗീകരിക്കാനും ഇന്നത്തെ തലമുറയെ പഠിപ്പിക്കാനുള്ള ഉത്തരവാദിത്വം ഓരോ വെക്തിയിലും നിക്ഷിപ്തമാണ്. സ്ത്രീകളെ ക്രിസ്തുനാഥൻ അംഗീകരിച്ചിരുന്നു, ആദരിച്ചിരുന്നു. എന്നാൽ ഇന്ന് സ്ത്രീക്ക് സുരക്ഷിതത്വബോധം നഷ്ടപ്പെട്ടിരിക്കുന്നു. പീഡനത്തിന്റെയും ചൂഷണത്തിന്റെയും കറുത്ത നിഴലുകൾ അവളെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു. സ്വയം പ്രതിരോധിക്കാൻ, സ്വയം പ്രതികരിക്കാൻ അവൾക്ക് കഴിയണമെങ്കിൽ അറിവും വിദ്യാഭ്യാസവും തൊഴിലും അവൾക്ക് കൂടിയേ തീരു. സ്ത്രീകളുടെ സംരക്ഷണവും അംഗീകാരവും ഉറപ്പുവരുത്താൻ ലത്തീൻ സമുദായം ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും വളർച്ചയിലും പുരോഗതിയിലും സ്ത്രീകളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തി, സ്ത്രീ പുരുഷ സമത്വം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ, ''ക്രിസ്തുവിൽ സ്ത്രീ നവലോകസൃഷ്ടിക്ക്'' എന്ന മുദ്രാവാക്യവുമായി പ്രവർത്തിക്കുന്ന ലത്തീൻ കത്തോലിക്കാ സഭയുടെ ഔദ്യോഗിക വനിതാ സംഘടനയാണ് കേരള ലാറ്റിൻ കാത്തലിക് വിമൺസ് അസോസിയേഷൻ( KLCWA). കേരളത്തിലെ ലത്തീൻ സമുദായത്തിലെ സ്ത്രീകളിൽ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ ദിശാബോധം വളർത്തുന്നതിന ഈ ചുരുങ്ങിയ കാലയളവിൽ KLCWA ക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാനകരാണ്. സ്വന്തം അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും തിരിച്ചറിഞ്ഞ്, സ്വാർത്ഥത വെടിഞ്ഞ് സഭയുടെയും സമുദായത്തിന്റെയും നേതൃത്വത്തിലേക്ക് ഉയർന്നുവരുവാൻ ഓരോ സ്ത്രീയും തയ്യാറാവണം എന്ന് ഓർമ്മിപ്പിക്കുന്നു. ഈ പ്രയാണത്തിന പരിശുദ്ധ അമ്മയായിരിക്കട്ടെ നമ്മുടെ മാർഗദീപം.

2017 മാർച്ച് 5-ാംതിയതി എല്ലാ ഇടവകകളിലും ഉപഇടവകകലളിലും വനിതാദിനമായി ആചരിക്കാൻ ഓർമിപ്പിക്കുന്നു. അന്നേദിവസം ദിവ്യബലിക്രമീകരണത്തിന്റെ നേതൃത്വം ഇടവക KLCWA യൂണിറ്റ് നിർവഹിക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്. അന്നേദിനം കഴ്ചവയ്പ്പിലൂടെ ലഭിക്കുന്ന തുക KLCWA യുടെ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്. ഇടവകയിൽ തനതായരീതിയിൽ സ്ത്രീകൾക്കായി കലാപരിപാടികൾ, സെമിനാറുകൾ, നേതൃത്വ പരിശീലന പഠനക്ലാസുകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

ഇടവകയിലെ 21 വയസിന് മുകളിൽ പ്രായമുള്ള എല്ലാ സ്ത്രീകളും, KLCWA യിൽ അംഗത്വം ഉറപ്പാക്കേണ്ടതാണ്. KLCWA പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സഹായ സഹകരണങ്ങൾ ഇടവകവികാരിയും ഇടവക കൗൺസിലും ഉറപ്പാക്കേണ്ടതാണ്. എല്ലാ സ്ത്രീകൾക്കും സമത്വ മനോഭാവത്തിലും ക്രൈസ്തവ വീക്ഷണത്തിലും രാഷ്ട്രീയ സാമൂഹിക അവബോധത്തിലും വളർന്നു വരാനുള്ള സാഹചര്യം ഇടവകയിൽ ഉളവാക്കണമെന്നും ആഹ്വാനം ചെയ്യുന്നു. വനിതാദിനം സമുചിതമായി ആചരിക്കുവാനും സ്ത്രീകളുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നെയ്യാറ്റിൻകര
17.2.2017

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

NB. വൈദീകർ ഈ സർക്കുലർ 26.02.2017 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.